"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്ത് - സീനിയർ ക്ലാർക്ക് - ശ്രീമതി. രമ്യ കെ എസ് -ന് "രാഗാർദ്ര കാവ്യങ്ങൾ" എന്ന കവിതാസമാഹാരം പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1530/2024/LSGD തീയതി,തിരുവനന്തപുരം, 16-08-2024

---

പരാമർശം:-

1. ശ്രീമതി.രമ്യ കെ എസ് സമർപ്പിച്ച 02.05.2024ലെ അപേക്ഷ
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 09.07.2024ലെ LSGD/PD/24667/2024-DEC1 നമ്പർ കത്ത്
3. ശ്രീമതി.രമ്യ കെ എസ്-ന്റെ 06.08.2024ലെ സമർപ്പണം

<u>ഉത്തരവ്</u>

തിരുവനന്തപുരം ജില്ലയിലെ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് ഓഫീസിലെ സീനിയർ ക്ലർക്ക് ശ്രീമതി. രമ്യ കെ എസ് സാഹിത്യരചനകൾ നടത്തുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ച പരാമർശം (1) പ്രകാരമുള്ള അപേക്ഷ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ടിയാൾ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നത് '*രാഗാർദ്ര കാവ്യങ്ങൾ*' എന്ന കവിതാസമാഹാരമാണ് എന്ന് പരാമർശം (3) പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48-ന്റെ ഒന്നാം പ്രൊവിസോ പ്രകാരം, സർക്കാർ ജീവനക്കാർക്ക് ഔദ്യോഗിക കൃത്യനിർവ്വഹണത്തെ തടസ്സപ്പെടുത്താത്ത രീതിയിൽ പ്രതിഫലേച്ഛയില്ലാതെ കല, സാഹിത്യം, ശാസ്ത്രം എന്നീ സ്വഭാവത്തിലുള്ള പ്രവർത്തനങ്ങളിൽ വല്ലപ്പോഴും ഏർപ്പെടാവുന്നതാണ്. എന്നാൽ പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ തുടരുകയോ ചെയ്യാൻ പാടില്ലാത്തതും; പ്രസ്തുത പ്രവൃത്തികളിലൂടെ സർക്കാരിനെയോ, സർക്കാരിന്റെ നയങ്ങളെയോ വിമർശിക്കുവാൻ പാടില്ലാത്തതുമാകുന്നു. കൂടാതെ സ്വകാര്യ പ്രസാധകർ മുഖേന കച്ചവടാടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്നതിനോ, സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതിനോ, രചനകൾ സ്ഥിരമായി നിർവ്വഹിക്കുന്നതിന് പൊതുവായ അനുമതി നൽകുന്നതിനോ വ്യവസ്ഥയില്ല. രചനകൾ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ ചട്ടങ്ങൾ 62, 63 എന്നിവയിലും നിഷ്കർഷിച്ചിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ, തിരുവനന്തപുരം ജില്ലയിലെ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് ഓഫീസിലെ സീനിയർ ക്ലർക്ക് ശ്രീമതി. രമ്യ കെ എസ് - ന് ടിയാളുടെ "രാഗാർദ്ര കാവ്യങ്ങൾ" എന്ന കവിതാസമാഹാരം പ്രസിദ്ധീകരിക്കുന്നതിന്, സർക്കാരിനെയോ സർക്കാരിന്റെ നയങ്ങളേയോ വിമർശിക്കുവാനോ, സാമ്പത്തിക നേട്ടം ഉണ്ടാക്കുവാനോ പാടില്ല എന്ന

വ്യവസ്ഥയിലും ടിയാളുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് ഭംഗം വരാത്ത രീതിയിൽ പ്രവർത്തിക്കുന്നതാണെന്ന വ്യവസ്ഥയിലും 1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടങ്ങൾ - 48 , 58, 58(എ),62, 63 എന്നിവയ്ക്ക് വിധേയമായും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. സർക്കാർ നിർദ്ദേശിക്കുന്ന പക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ തുടരാൻ പാടില്ലാത്തതുമാകുന്നു. മേൽ വ്യവസ്ഥകളിൽ എന്തെങ്കിലും വീഴ്ച വരുത്തുന്ന പക്ഷം ബന്ധപ്പെട്ട മേലധികാരി ടിയാൾക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കേണ്ടതും തുടർന്ന് ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അനുമതി പിൻവലിക്കേണ്ടതുമാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2.ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് , തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3.സെക്രട്ടറി, പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.ശ്രീമതി.രമ്യ കെ എസ് എസ് ,സീനിയർ ക്ലർക്ക് , പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം/ തൃശ്ശൂർ
6.ഡയറക്ടർ. ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.147/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 16-08-2024 12:40:13